**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2128** **06-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ പ്രവർത്തനക്ഷമമല്ലാത്ത ചികിത്സാ ഉപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ധാരാളം ചികിത്സാ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാതായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) | **മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ രോഗികളുടെ പരിചരണത്തിനായി ഉപയോഗിക്കുന്ന മെഡിക്കൽ ഉപകരണങ്ങളിൽ ഭൂരിഭാഗവും ഹൈ എൻഡ് അത്യാധുനിക വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. ടി ഉപകരണങ്ങൾക്ക് കേടുപാടു സംഭവിച്ചാൽ ആയത് നന്നാക്കുന്നതിനായി സ്പെയറുകളും അനുബന്ധ ഉപകരണങ്ങളും ഇറക്കുമതി ചെയ്യേണ്ടതായി വരും. അറ്റകുറ്റ പണികൾക്കായി മാറ്റിവച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.** |
| (ബി) | ലക്ഷക്കണക്കിന് രൂപ മുടക്കി വാങ്ങുന്ന ചികിത്സാ ഉപകരണങ്ങൾ വളരെ വേഗം തന്നെ പ്രവർത്തനക്ഷമമല്ലാതെ ആകുന്നു എന്ന ആരോപണം സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | **ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സ്ഥാപിച്ചിട്ടുള്ള ഹൈ എൻഡ് അത്യാധുനിക വിഭാഗത്തിൽപെടുന്ന ഉപകരണങ്ങൾ 3-5 വർഷത്തെ വാറന്റിയോടെയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ഉപകരണങ്ങളുടെ CAMC/ AMC നിരക്കുകൾ 5-7 വർഷത്തേക്ക് കൂടി നിശ്ചയിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ നിശ്ചയിച്ച പ്രവർത്തനകാലാവധി തീരുന്നതുവരെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തക്ക രീതിയിൽ ലോഗ് ബുക്കുകളിൽ രേഖപ്പെടുത്തുന്നുണ്ട്.** |
| (സി) | ചികിത്സാ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ സാധാരണക്കാരായ രോഗികൾ സ്കാനിങ് ഉൾപ്പെടെയുള്ള വിവിധ പരിശോധനകൾക്കായി വലിയ തുക നൽകി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ദുരവസ്ഥ പരിഹരിക്കുന്നതിനായി | (സി) | മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ എല്ലാം തന്നെ സ്കാനിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| (ഡി) | സർക്കാർ ആശുപത്രികളിലെ ചികിത്സാ ഉപകരണങ്ങൾ യഥാവിധി പരിപാലിക്കാതെ ഉപയോഗയോഗ്യമല്ലാതാക്കി തീർക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇപ്രകാരം എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഡി) | ചികിത്സാ ഉപകരണങ്ങൾ ബോധപൂർവ്വം ഉപയോഗ ശൂന്യമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച കൊണ്ട് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ചികിത്സാ ഉപകരണങ്ങൾ യഥാവിധി പരിപാലിക്കാതെ ഉപയോഗയോഗ്യമല്ലാതാക്കി എന്ന റിപ്പോർട്ട് ലഭിക്കുകയാണെങ്കിൽ അത്തരം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയിൽ ലാരിഞ്ചോസ്കോപ്പ് എന്ന ഉപകരണം നശിപ്പിച്ചതിന് ഡോ. നിശാന്ത്. വി.ജി, ജൂനിയർ കൺസൾട്ടന്റിനെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കുകയും ടിയാനിൽ നിന്ന് പ്രസ്തുത ഉപകരണത്തിന്റെ വില ഈടാക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ